## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1358

22.03.2013ൽ
മറുപടിക്ക്

### തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ നൽകിയ ദിനങ്ങൾ

ചോദ്യം

ശ്രീ.പി.തിലോത്തമൻ

ഉത്തരം

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

എ) എത്ര ശതമാനം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നടപ്പ് സാമ്പത്തിക വർഷം 100 ദിവസം തൊഴിൽ നൽകി എന്ന് വ്യക്തമാക്കാമോ; 100 ദിവസം തൊഴിൽ ലഭിച്ചവരുടെയും അതിൽ കുറവ് തൊഴിൽ ലഭിച്ചവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

എ) 2012-13 സാമ്പത്തിക വർഷത്തിൽ മാർച്ച് 19 വരെ 12.76% കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ നൽകി. 100 ദിവസം തൊഴിൽ ലഭിച്ചവരുടേയും അതിൽ കുറവ് തൊഴിൽ ലഭിച്ചവരുടേയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 100 ദിവസത്തിൽ കുറവ് തൊഴിൽ ലഭിച്ച കുടുംബങ്ങൾ |
|---|---|---|
| തിരുവനന്തപുരം | 47257 | 155685 |
| കൊല്ലം | 16344 | 130454 |
| പത്തനംതിട്ട | 10083 | 62965 |
| ആലപ്പുഴ | 18451 | 129201 |
| കോട്ടയം | 4798 | 83802 |
| ഇടുക്കി | 22153 | 103372 |

| | | |
|---|---|---|
| എറണാകുളം | 18167 | 90097 |
| തൃശൂർ | 22408 | 115243 |
| പാലക്കാട് | 11124 | 133942 |
| മലപ്പുറം | 17078 | 108229 |
| കോഴിക്കോട് | 11946 | 121393 |
| വയനാട് | 5775 | 79559 |
| കണ്ണൂർ | 4801 | 102861 |
| കാസർകോഡ് | 5478 | 59512 |

ബി) തൊഴിലുറപ്പ് പദ്ധതിപ്രകാരം ജോലി ആവശ്യപ്പെട്ട് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളിൽ ഒരു ദിവസം പോലും ജോലി ലഭിക്കാത്ത എത്ര പേർക്ക് തൊഴിൽ രഹിത വേതനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇനത്തിൽ എത്ര തുക നൽകി എന്നതിന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിന് അപേക്ഷിച്ചിട്ട് 14 ദിവസത്തിനകം തൊഴിൽ ലഭിക്കാത്തതായി ആരും തന്നെ ഇല്ല. തൊഴിൽ രഹിത വേതനം ആർക്കും നൽകേണ്ടതായി വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ